# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 312** — **11.06.2013-ൽ മറുപടിയ്ക്ക്**

## വൈദ്യുതി ബോർഡ് പുന:സംഘടന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാജു : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡ് പുന:സംഘടന ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | 25-09-2008-ലെ ഉത്തരവിലൂടെ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി-ബാധ്യതകൾ ഏറ്റെടുക്കുന്നതിലേക്കായി 1956-ലെ കമ്പനി നിയമത്തിൻ കീഴിൽ "കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്" എന്ന കമ്പനിയ്ക്ക് 14-01-2011-ൽ രൂപം നൽകിയിട്ടുണ്ട്. ആസ്തി ബാധ്യതകൾ കമ്പനിയിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരുന്നു. കമ്പനിവൽക്കരണത്തിന്റെ ഭാഗമായി ജീവനക്കാരെ കൈമാറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽക്കൂടി അന്തിമ തീരുമാനമെടുത്ത് നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിന് 30-06-2013 വരെയാണ് ഇപ്പോൾ സമയ പരിധി വച്ചിരിക്കുന്നത്. |
| (ബി) | ഈ അവസരത്തിൽ ജീവനക്കാരുടെ പെൻഷൻ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (ബി) & (സി) | ആസ്തി-ബാധ്യതകൾ കൈമാറ്റം ചെയ്യുന്നതിനുള്ള കൈമാറ്റ പദ്ധതിയിൽ ജീവനക്കാരുടെ പെൻഷൻ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ ബാധ്യതാ തുക കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി പുതിയ കമ്പനിയ്ക്ക് കൈമാറ്റം ചെയ്യുന്നതാണ്. ഈ ബാധ്യത ഏറ്റെടുത്ത് പെൻഷൻ വിതരണം നടത്തുന്നതിനായി ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുന്നതിനും ഇതിലേയ്ക്ക് ആവശ്യമായ ബോണ്ട് കമ്പനി ഇഷ്യൂ ചെയ്യുന്നതിനും ഈ ബോണ്ടുകൾ മുഴുവനായും പുതുതായി രൂപീകരിക്കുന്ന മാസ്റ്റർ ട്രസ്റ്റ് |
| (സി) | പെൻഷൻ സുരക്ഷ ഉറപ്പാക്കുന്നതിന് നിയമപരമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുമോ ; വ്യക്തമാക്കുമോ ? | | |

സബ്സ്ക്രൈബ് ചെയ്യുന്നതിനും ഓരോ വർഷവും ബോണ്ടിന്റെ പലിശയും മുതലിലുള്ള തിരിച്ചടവും കൂടാതെ ഓരോ വർഷ ത്തെയും പെൻഷൻ ബാധ്യത കോൺട്രിബ്യൂഷ നായും ട്രസ്റ്റ് ഫണ്ടിൽ ചേർക്കുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്. കൂടാതെ, പെൻഷൻ ഫണ്ടിന് ആവശ്യമായ തുക സർക്കാരും കമ്പനിയും ചേർന്ന് കോൺട്രിബ്യൂട്ട് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. പെൻഷൻ വിതരണത്തിനുള്ള സുരക്ഷ, 2003-ലെ വൈദ്യുതി നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉറപ്പു വരുത്തു ന്നതും ആയതിന് നിയമപരമായ സാധുത കൈ വരുത്തുന്നതിനുള്ള വ്യവസ്ഥകൾ കൈമാറ്റ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തര വായി വിജ്ഞാപനം ചെയ്യുന്നതുമാണ്.

സെക്ഷൻ ഓഫീസർ.